# Deepika

# 23 July 2018

# Kochi: Flood relief, Flood relief operation, Cleaning

## വെള്ളക്കെട്ടിലായ പ്രദേശങ്ങളിൽ ശുചീകരണ യജ്ഞം തുടങ്ങി

**കൊച്ചി:** കണയന്നൂർ താലൂക്കിനു കീഴിൽ മഴയെത്തുടർന്ന് വെള്ളക്കെട്ടിലായ പ്രദേശങ്ങളിൽ ജലനിരപ്പ് താഴ്ന്നതോടെ ജില്ലാ കളക്ടറുടെ നിർദേശപ്രകാരം ശുചീകരണ യജ്ഞം (ക്ലീൻഡ്രൈവ്) നടത്തി. കണയന്നൂർ താലൂക്കിന് കീഴിൽ എളംകുളം വില്ലേജിൽ ഉദയ കോളനി, പി ആൻഡ് ടി കോളനി, എറണാകുളം വില്ലേജിൽ കരുത്തല കോളനി എന്നിവിടങ്ങളിലാണ് ശുചീകരണ യജ്ഞം നടത്തിയത്. ഈ പ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കാനുള്ള സാധ്യത മുന്നിൽക്കണ്ടാണ് ശുചീകരണ യജ്ഞം സംഘടിപ്പിച്ചത്.

ശുചീകരണയജ്ഞത്തിന്റെ ഭാഗമായി കോളനി പ്രദേശങ്ങൾ വൃത്തിയാക്കുകയും വെള്ളം കെട്ടിക്കിടക്കുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

കുമ്മായം, ബ്ലീച്ചിംഗ്പൗഡർ, ഫിനോയിൽ എന്നിവ ഉപയോഗിച്ച് കോളനി പ്രദേശങ്ങൾ വൃത്തിയാക്കി. കോളനി പ്രദേശത്ത് കണ്ടെത്തിയ കുപ്പികൾ, പൊട്ടിയ പാത്രങ്ങൾ, മറ്റ് അനാവശ്യ വസ്തുക്കൾ എന്നിവയെല്ലാം ലോറിയിൽ കയറ്റി നീക്കംചെയ്തു. കോളനിയുടെ അരികിലുള്ള പായലും പ്ലാസ്റ്റിക് വസ്തുക്കളും നിറഞ്ഞ പേരണ്ടൂർ കനാലിലെ മാലിന്യങ്ങൾ കോർപറേഷൻ അധികൃതർ വൃത്തിയാക്കി.



എളംകുളം വില്ലേജിലെ ഉദയകോളനിയിൽ ശുചീകരണം നടത്തുന്ന സന്നദ്ധപ്രവർത്തകർ

ശുചീകരണയജ്ഞത്തിന്റെ ഭാഗമായി പ്രദേശത്തെ റോഡുകൾ ശുചീകരിച്ചു. കിണറുകളിൽ ബ്ലീച്ചിംഗ് നടത്തി.

ആരോഗ്യവകുപ്പ്, റവന്യൂ വകുപ്പ്, താലൂക്ക് അധികൃതർ എന്നിവരുടെ സംയുക്ത സഹകരണത്തോടെയാണ് ക്ലീൻഡ്രൈവ് നടപ്പിലാക്കിയത്. കൂടാതെ മഹാരാജാസ് കോളജ് എൻഎസ്എസ് വളണ്ടിയർമാർ, അൻപോട് കൊച്ചി പ്രവർത്തകർ, സർക്കാർ ജീവനക്കാർ എന്നിവർ ചേർന്നാണ് ശുചീകരണ പരിപാടികൾ നടത്തിയത്.

ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള പ്രദേശങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി. ജില്ലയിൽ കഴിഞ്ഞ ദിവസങ്ങളിലായി പെയ്ത കനത്ത മഴയിൽ കോളനി പ്രദേശങ്ങൾ വെള്ളത്തിലായതിനെത്തുടർന്ന് ഇവിടെ നിന്നും ആളുകളെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയിരുന്നു.

ഈ പ്രദേശങ്ങളിൽ എലിപ്പനി, മറ്റ് ആരോഗ്യപ്രശ്നങ്ങൾ എന്നിവ വരുന്നതിനുള്ള സാഹചര്യം കണക്കിലെടുത്താണ് ക്ലീൻഡ്രൈവ് നടത്തിയത്.